LIBRARY ARCHIVES Kerala Legislative Assembly

കയറ്റുമതി ചെയ്ത കയറുൽപ്പന്നങ്ങൾ

* 8 [537] ശ്രീ. സി. മോയിൻകുട്ടി:

" യു. സി. രാമൻ:

" പി. കെ. കെ. ബാവ:

" ടി. പി. എം. സാഹിർ:

" കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ കയറ്റുമതി ചെയ്ത കയറുൽപ്പന്നങ്ങളുടെ അളവ് എത്ര;

(സി) ഇത് ഓരോ വിദേശ വിപണിയിലും എത്രയായിരുന്നു;

(ഡി) ഈയിനത്തിൽ ലഭിച്ച തുക എത്രയായിരുന്നു?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ സ്ഥാനം നേടുന്നതിനായി ഗുണമേൻമയും വൈവിധ്യവുമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടത്തിവരുന്നു. കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് (മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ) ധനസഹായം നൽകിവരുന്നു. രാജ്യത്തെ പ്രധാന നഗരങ്ങളിലും വിദേശ രാജ്യങ്ങളിലും വ്യാപാര മേളകളിലും പ്രദർശനങ്ങളിലും ഫോം മാറ്റിംഗ്സും കയർ കോർപ്പറേഷനും പങ്കെടുത്തുവരുന്നു. ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ എന്നിവവഴി ഉൽപ്പന്നത്തിന്റെ വിപണനത്തിനായി പരസ്യം നടത്തുന്നതിന് പരസ്യ ചെലവിന്റെ 50% തുക സർക്കാർ ധനസഹായം നൽകിവരുന്നു. ചെറുകിട കയറുൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കായി പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (CFSC) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. കയർമേഖലയിൽ സാങ്കേതികവിദ്യയുടേയും ഗവേഷണത്തിന്റെയും വികസനത്തിനായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളെടുത്തുവരുന്നു. കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനായി ദേശീയ അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കൽ, എം. ഡി. എ. തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മാർക്കറ്റ് സ്റ്റഡി നടത്താനുള്ള നടപടി തുടങ്ങിവച്ചിട്ടുണ്ട്.

(ബി — ഡി) സംസ്ഥാനത്തെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലുള്ള കയറ്റുമതിയുടെ അളവും തുകയും താഴെ ചേർക്കുന്നു:

വർഷം	*അളവ്*	*തുക*
2002-03	60089.86 ടൺ	326.58 കോടി
2003-04	102253.40 ടൺ	407.49 കോടിരൂപ

അഖിലേന്ത്യാ തലത്തിൽ കയർ കയറ്റുമതിയുടെ വിദേശ വിപണി തിരിച്ചുള്ള വിവരം അനുബന്ധമായി† ചേർക്കുന്നു.

നികുതി വർദ്ധനയുണ്ടായ വകുപ്പുകളും പിരിഞ്ഞുകിട്ടാനുള്ള തുകയും

*9 [538] ഡോ. കെ. സി. ജോസഫ്:

ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിയിനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാളും ഏതെല്ലാം വകുപ്പുകളിലാണ് വരുമാന വർദ്ധന ഉണ്ടായത്;

(ബി) എത്ര തുക വീതം ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ മേഖലകളിലായി എത്ര രൂപ സർക്കാരിനു പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ട്;

(ഡി) പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുവാൻ പ്രത്യേകമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 30-4-2004 വരെയുള്ള താത്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഏപ്രിൽ 2004-ലെ കണക്കുകളും ഏപ്രിൽ 2003-ലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൂനികുതി, സംസ്ഥാന എക്സൈസ്, വിൽപ്പന നികുതി, വാഹന നികുതി, വിദ്യുച്ഛക്തി നികുതി, മറ്റിനങ്ങൾ എന്നീ ഇനങ്ങളിൽ ഉൾക്കൊള്ളുന്ന സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായി.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly